പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1061

11/02/2016-ൽ
മറുപടിയ്ക്ക്

## കമ്മ്യൂണിറ്റികോളേജുകൾ ആരംഭിക്കുന്നത്

**ചോദ്യം**

**മറുപടി**

ശ്രീ.ബെന്നി ബെഹനാൻ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.വർക്കല കഹാർ
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കമ്മ്യൂണിറ്റി കോളേജുകൾ ആരംഭിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | (ബി) | പഠനത്തോടൊപ്പം തൊഴിൽ പരിശീലനവും നൽകുക അതു വഴി തൊഴിൽരഹിതരായ യുവാക്കളെ ശാക്തീകരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | യു.ജി.സി. യുടെയും AICTE -യുടെയും ധനസഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ആറ്റിങ്ങൽ, പെരിന്തൽമണ്ണ, കോട്ടയം, തൃശ്ശൂർ, ശ്രീ നീലകണ്ഠ ഗവൺമെന്റ് സംസ്കൃത കോളേജ് പട്ടാമ്പി എന്നീ ഗവൺമെന്റ് കോളേജുകളിലും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ആറ്റിങ്ങൽ,കോട്ടയം , തൃശ്ശൂർ,പെരിന്തൽമണ്ണ, ഷൊർണ്ണൂർ എന്നിവിടങ്ങളിലെ പോളിടെക്നിക് കോളേജുകളിലും കേന്ദ്രാവിഷ്കൃത പദ്ധതിയായ കമ്മ്യൂണിറ്റി കോളേജ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2014-15 വർഷത്തെ ബഡ്ജറ്റിൽ ഈ പദ്ധതിക്കായി തുക വകയിരുത്തിയിരുന്നു. എന്നാൽ സർക്കാർ പോളിടെക്നിക്കിലെ ഉപയോഗിക്കാത്ത അടിസ്ഥാന സൌകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് സമീപപ്രദേശത്തെ വ്യവസായ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളുമായി സഹകരിച്ച് പാഠ്യക്രമവും പാഠ്യ പദ്ധതിയും രൂപീകരിച്ച് തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്നതിന് കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ട് ലഭിച്ചു. 2014 ജൂലായ് മുതൽ ക്ലാസ്സുകൾ ആരംഭിച്ചു. പദ്ധതിയ്ക്ക് കേന്ദ്രസർക്കാർ നേരിട്ട് ഫണ്ട് അതാത് കോളേജ് പ്രിൻസിപ്പാൾമാർക്ക് നൽകി വരുന്നു. ആയതിനാൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുള്ള ബഡ്ജറ്റ് വിഹിതത്തിൽ നിന്നും തുകയൊന്നും ചെലവായിട്ടില്ല. ഈ പദ്ധതിയുടെ ഭാഗമായി 19.09.2015 മുതൽ 01.11.2015 വരെ ഫ്ളോറിഡ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയും സാന്റാഫി കോളേജും സംയുക്തമായി സംഘടിപ്പിച്ച കമ്മ്യൂണിറ്റി കോളേജ് അഡ്മിനിസ്ട്രേറ്റേഴ്സ് പ്രോഗ്രാം വിത്ത് ഇന്ത്യ എന്ന പരിപാടിയ്ക്ക് കേരളത്തിൽ നിന്നും രണ്ട് ഉദ്യോഗസ്ഥരെ ട്രെയിനിങ്ങിനായി നിയോഗിച്ചിരുന്നു. ഗവൺമെന്റ് കോളേജുകളിൽ സ്റ്റേറ്റ് നോഡൽ ഓഫീസറായി ശ്രീ.സി.രാജശേഖരൻ പിള്ളയെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ